## പതിമൂന്നാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 5911**
**07.07.2014 ലെ മറുപടിക്ക്**

**പ്രവാസി മലയാളികളുടെയും കുടുംബാംഗങ്ങളുടെയും ക്ഷേമത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. ദിവാകരൻ | ശ്രീ. കെ.സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| (എ) പ്രവാസി മലയാളികളുടെയും കുടുംബാംഗങ്ങളുടെയും ക്ഷേമത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമാണ്; | (എ) പ്രവാസി മലയാളികളുടെയും കുടുംബാംഗങ്ങളുടെയും ക്ഷേമത്തിനായി താഴെ പറയുന്ന പദ്ധതികളാണ് നടപ്പിലാക്കുന്നത്.<br>1. തിരികെ വന്ന പ്രവാസികൾക്കായി, സ്വയം തൊഴിൽ കണ്ടെത്തുന്നതിന് മൂലധന/പലിശ സബ്സിഡി നൽകി സംരംഭം ആരംഭിക്കുന്നതിന് വേണ്ടുന്ന സഹായ സഹകരണങ്ങൾ നൽകുന്നതിനുള്ള പ്രവാസി പുനരധിവാസ പദ്ധതി-'നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM)'.<br>2. സംസ്ഥാനത്ത് നിക്ഷേപം നടത്താനും തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും ആഗ്രഹിക്കുന്ന പ്രവാസികൾക്ക് ബന്ധപ്പെട്ട ലൈസൻസിംഗ് ഉൾപ്പെടെ സഹായം നല്കുന്നതിന് വേണ്ടി നോർക്ക റൂട്ട്സിന്റെ മേൽനോട്ടത്തിൽ "നോർക്ക ബിസിനസ്സ് ഫെസിലിറ്റേഷൻ സെന്റർ"പദ്ധതി. |

| | |
|---|---|
| | 3. വിദേശ രാജ്യങ്ങളിലെ ജയിലുകളിൽ തന്റേതല്ലാത്ത കാരണങ്ങളാൽ ശിക്ഷ അനുഭവിക്കുന്ന പ്രവാസികൾക്ക് നിയമ സഹായം ലഭ്യമാക്കുന്നതിനുള്ള പദ്ധതി യായ 'പ്രവാസി ലീഗൽ അസിസ്റ്റൻസ്'.<br>4. വിദേശ രാജ്യങ്ങളിൽ ജയിൽ മോചിതരാകുന്ന നിർധനരായ പ്രവാസി മലയാളികൾക്ക് സൗജന്യ വിമാന ടിക്കറ്റ് നല്കുന്നതിന് ഉദ്ദേശിച്ചു കൊണ്ടുള്ള 'സ്വപ്നസാഫല്യം' പദ്ധതി.<br>5. തിരികെയെത്തി ദുരിതമനുഭവിക്കുന്ന പ്രവാസികൾക്ക് ചികിത്സാസഹായം, വിവാഹധനസഹായം, അംഗവൈകല്യം സംഭവിച്ചവർക്കുള്ള ധനസഹായം എന്നിവയും മരണമടയുന്ന പ്രവാസി കളുടെ അനന്തരാവകാശികൾക്ക് മരണാനന്തര ധനസഹായവും നൽകുന്ന 'സാന്ത്വന പദ്ധതി'.<br>6. പ്രവാസികൾക്ക് നോർക്കയുടെ സേവനങ്ങൾ ലഭ്യമാക്കുന്നതിന് എല്ലാ ജില്ലകളിലും നോർക്ക റൂട്ട്സ് സെല്ലുകൾ.<br>7. മറ്റ് സംസ്ഥാനങ്ങളിലെ പ്രവാസി ക്ഷേമ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കു ന്നതിനായി ചെന്നൈ, ബാംഗ്ലൂർ, ബറോഡ, ഹൈദരാബാദ് എന്നീ സ്ഥല ങ്ങളിൽ നോർക്കാ റൂട്ട്സ് സാറ്റലൈറ്റ് ഓഫീസുകൾ .<br>8. നോർക്കയുടെ ക്ഷേമപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി വിദേശരാജ്യ ങ്ങളിൽ നോർക്ക സഹായ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായി ബഹ്റി നിൽ നോർക്കാ സഹായ കേന്ദ്രം. |

| | |
|---|---|
| | 9. ഗൾഫ് രാജ്യങ്ങളിലെ സ്വദേശിവല്ക്കരണം മൂലം തിരികെ എത്തുന്ന പ്രവാസികളെ പുനരധിവസിപ്പിക്കുന്നതിനായി സമഗ്ര പുനരധിവാസ പദ്ധതി.<br>10. മികവുറ്റ തൊഴിലാളികളെ കണ്ടെത്തുന്നതിന് തൊഴിൽദായകരുടെയും തൊഴിൽ അന്വേഷകരുടെയും ഓൺലൈൻ വേദിയായ 'ജോബ് പോർട്ടൽ'.<br>11. നോർക്ക വകുപ്പിനെ സംബന്ധിച്ച വിവരങ്ങൾ, സേവനങ്ങൾ, പദ്ധതികൾ, പ്രവർത്തനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ ലഭ്യമാക്കുന്ന '24 മണിക്കൂർ ഹെൽപ്പ് ലൈൻ/കോൾ സെന്റർ'.<br>12. വിദേശത്ത് തൊഴിൽ ആഗ്രഹിക്കുന്നവരിൽ ബോധവൽക്കരണം സൃഷ്ടിക്കുന്നതിനുവേണ്ടിയുള്ള സംയോജിത പരിശീലന പരിപാടിയായ 'പ്രീ ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം'.<br>13. തൊഴിലെടുക്കാൻ പ്രാപ്തിയുള്ള യുവാക്കളുടെ തൊഴിൽ വൈദഗ്ധ്യം വിദേശ തൊഴിൽ വിപണികളിലെ വെല്ലുവിളികൾ നേരിടത്തക്കവിധം മെച്ചപ്പെടുത്തുന്നതിനുള്ള പരിപാടി.<br>14. ഇന്ത്യക്കുപുറത്തോ, ഇതര സംസ്ഥാനങ്ങളിലോ വെച്ച് മരണമടയുന്ന പ്രവാസി മലയാളികളുടെ മൃതശരീരം സ്വദേശത്തേക്ക് കൊണ്ടുവരുന്നതിനുള്ള പ്രത്യേക നിധിയായ 'കാരുണ്യം പദ്ധതി'.<br>15. പ്രവാസികൾക്കായി പെൻഷൻ നടപ്പാക്കുന്നതിന്റെ ഭാഗമായി ഏർപ്പെടുത്തിയ 'കേരളാ പ്രവാസി കേരളീയ ക്ഷേമനിധി'. |
| (ബി) 2012-13, 2013-14 വർഷത്തിൽ എത്ര കുടുംബങ്ങൾക്കാണ് സഹായം നൽകിയത്? | (ബി) നോർക്ക വകുപ്പിന്റെ നിർവ്വഹണ ഏജൻസിയായ നോർക്ക റൂട്ട്സിൽ നിന്നും 2012-13, 2013-14 വർഷങ്ങളിൽ അനുവദിച്ച ആനുകൂല്യങ്ങൾ ലഭിച്ച കുടുംബങ്ങളുടെ വിശദാംശങ്ങൾ |

ചുവടെ ചേർക്കുന്നു.

| ആനുകൂല്യം | സഹായം ലഭിച്ച കുടുംബങ്ങളുടെ എണ്ണം | |
|---|---|---|
| | 2012-13 | 2013-14 |
| ചെയർമാൻ ഫണ്ട് | 347 | 110 |
| സാന്ത്വന | 1011 | 1925 |
| കാരുണ്യം | 6 | 15 |

കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡിൽ നിന്നും 2012-13, 2013-14 വർഷങ്ങളിൽ സഹായം ലഭിച്ച കുടുംബങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ആനുകൂല്യം | സഹായം ലഭിച്ച കുടുംബങ്ങളുടെ എണ്ണം | |
|---|---|---|
| | 2012-13 | 2013-14 |
| മരണാനന്തര ധനസഹായം | 66 | 89 |
| ചികിത്സാ ധനസഹായം | 20 | 51 |
| വിവാഹ ധനസഹായം | - | 38 |
| പ്രസവാനുകൂല്യം | - | 2 |

സെക്ഷൻ ഓഫീസർ